(ഡി) പരീക്ഷ അടുത്ത സമയത്ത് റാങ്ക് ഫയൽ വിതരണം നടത്തിയിട്ടില്ല.

(ഇ) ഹൈക്കോടതി വിധി അനുസരിച്ച് നടപടി സ്വീകരിച്ചിരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപീകരണം

*27 [57] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തുവോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകളുമായി ചർച്ച നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഈ കമ്മീഷന്റെ ഘടന സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കമ്മീഷനിൽ ഒരു ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിന്മേൽ പ്രത്യേക പരിജ്ഞാനമുള്ളവരിൽ നിന്നും ഒരാളെ ചെയർമാനായും മറ്റൊരാളെ അംഗമായും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു സെക്രട്ടറി അനൗദ്യോഗികാംഗമായും, മെമ്പർ സെക്രട്ടറിയായും പ്രവർത്തിക്കുന്നതാണ്.

ട്രോളിംഗ് നിരോധനത്തിനുള്ള സംവിധാനങ്ങൾ

*28 [58] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ബോട്ടുകൾക്കും വലകൾക്കുമാണ് ട്രോളിംഗ് നിരോധനം ബാധകമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) നിരോധനം ഏർപ്പെടുത്തിയശേഷം ആയത് ലംഘിച്ച് മത്സ്യബന്ധനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ട്രോളിംഗ് നിരോധനം നിലനിൽക്കുമ്പോൾ നിരോധിത മേഖലയിൽ വിദേശ മത്സ്യബന്ധന ബോട്ടുകൾ നടത്തുന്ന മത്സ്യബന്ധനം തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly